بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 26.03.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനോദ്ദേശ്യം ദീനിന്റെ പരിഷ്കരണവും ഇസ്‌ലാമികാധ്യാപനങ്ങളുടെ പ്രചാരണവും

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۞ الرَّحْمٰنِ الرَّحِيْمِ۞ مٰلِكِ يَوْمِ الدِّيْنِ۞ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۞

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۬ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۞

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) സൂറ ജുമുഅ യിലെ ചുവടെ ചേർത്തിരിക്കുന്ന ആയത്തുകളും തർജമയും കേൾപ്പിച്ചു,

هُوَ الَّذِیۡ بَعَثَ فِی الۡاُمِّیّٖنَ رَسُوۡلًا مِّنۡهُمۡ یَتۡلُوۡا عَلَیۡهِمۡ اٰیٰتِهٖ وَ یُزَکِّیۡهِمۡ وَ یُعَلِّمُهُمُ الۡکِتٰبَ وَ الۡحِکۡمَةَ ٭ وَ اِنۡ کَانُوۡا مِنۡ قَبۡلُ لَفِیۡ ضَلٰلٍ مُّبِیۡنٍ ۙ﴿۳﴾ وَّ اٰخَرِیۡنَ مِنۡهُمۡ لَمَّا یَلۡحَقُوۡا بِهِمۡ ؕ وَ هُوَ الۡعَزِیۡزُ الۡحَکِیۡمُ ﴿۴﴾

അവൻ തന്നെയാണ് അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചത്. അദ്ദേഹം അവർക്ക് അവന്റെ വചനങ്ങൾ പാരായണം ചെയ്യുകയും അവരെ പരിശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥത്തിന്റെയും തത്ത്വജ്ഞാനത്തിന്റെയും അധ്യാപനം നൽകുകയും ചെയ്യുന്നു. ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നു താനും. അവരിൽ നിന്നുള്ള മറ്റൊരു ജനതയിലേക്കും (അദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ട്) അവർ ഇതേ വരെ അവരോടൊപ്പം ചേർന്നിട്ടില്ല. അവൻ സമ്പൂർണ പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. (62:3,4)

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു, മാർച്ച് 23 രണ്ടു മൂന്നു ദിവസം മുമ്പായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ ദിനമാണത്. ഈ ദിനം നമ്മെ എല്ലാ വർഷവും ചില കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ ഖുർആന്റെയും അല്ലാഹുവിന്റെ റസൂലിന്റെയും പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ ആഗമനോദ്ദേശം ദീനിന്റെ പരിഷ്കരണവും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾക്ക് ലോകത്ത് പ്രചാരം നല്കുകയുമാണ്. അദ്ദേഹത്തിന് അനുസരണ പ്രതിജ്ഞ ചെയ്തു എന്ന് വാദിക്കുന്ന നമ്മളും ഈ കാര്യനിവൃത്തിക്കായി തങ്ങളുടെ കഴിവുകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. വഴികേടിൽ ആയ മനുഷ്യകുലത്തെ നാം ദൈവവുമായി ബന്ധിപ്പിക്കേണ്ടതാണ്. ദൈവദാസരെയും പരസ്പരമുള്ള കടമകൾ നിറവേറ്റുന്ന കാര്യത്തിലേക്ക് ഉദ്ബോധിപ്പിക്കണം. അതിനായി ഏറ്റവും ആദ്യം നാം സ്വയം നന്നാവണം എന്ന കാര്യത്തിൽ സംശയമില്ല. എന്തായാലും ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദിന്റെ ചില ഉദ്ധരണികൾ ഞാൻ സമർപ്പിക്കുന്നതായിരിക്കും. അതിൽ അദ്ദേഹം തന്റെ ആഗമനത്തിന്റെ ആവശ്യകതയും ഉദ്ദേശ്യവും അതുപോലെ തന്റെ സത്യസാക്ഷ്യത്തിനായുള്ള ഖുർആന്റെയും പ്രവാചകന്റെയും പ്രവചനങ്ങൾ പുലർന്നതും പുലർന്നു കൊണ്ടിരിക്കുന്നതും സംബന്ധിച്ച് പറയുകയുണ്ടായി. മാത്രമല്ല ജമാഅത്തിൽ ഉടലെടുക്കേണ്ട സൽപരിവർത്തനങ്ങൾ എന്തെല്ലാമാണെന്നും ജമാഅത്ത് അംഗങ്ങളും സഹാബാക്കൾ കടന്നു പോയിട്ടുള്ളതിനു സമാനമായി പ്രതിസന്ധികൾ നേരിടുന്നതിനെ കുറിച്ചും അദ്ദേഹം വിവരിക്കുകയുണ്ടായി. കാര്യങ്ങൾ എല്ലായ്പോഴും നാം മുമ്പിൽ വയ്ക്കേണ്ടതാണ് അങ്ങനെ നാം ഒരു ജമാഅത്ത് എന്ന നിലയ്ക്ക് അഭിവൃദ്ധിപ്പെടേണ്ടതാണ്.

ഞാൻ തുടക്കത്തിൽ പാരായണം ചെയ്ത ഖുർആനിക വചനങ്ങൾ വ്യാഖ്യാനിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് ഒരിടത്ത് ഇപ്രകാരം പറയുന്നു. ഈ സൂക്തത്തിന്റെ സാരാംശം ഇപ്രകാരമാണ്. അല്ലാഹു തന്റെ പ്രവാചകനെ അയച്ച സമയത്ത് ജനങ്ങൾ അജ്ഞരും യുക്തി ഹീനരുമായിരുന്നു. പ്രവാചകൻ ജനങ്ങളുടെ ആത്മശുദ്ധീകരണം നടത്തി. ഖുർആന്റെ വിജ്ഞാനങ്ങളും യുക്തികളും കൊണ്ട് അവരെ നിറച്ചു. തുടർന്ന് പറഞ്ഞു, മറ്റൊരു ജനവിഭാഗവും ഉണ്ടാകും. അവർ അവസാന കാലഘട്ടത്തിലായിരിക്കും വെളിപ്പെടുക. അവരും തുടക്കത്തിൽ അന്ധകാരത്തിലും മാർഗഭ്രംശത്തിലും അകപ്പെടുന്നതാണ്. ജ്ഞാനം, യുക്തി, വിശ്വാസം എന്നിവയിൽ നിന്നും അവർ അകലെയായിരിക്കും പിന്നീട് ദൈവം അവരെയും സ്വഹാബാക്കളുടെ വർണ്ണത്തിലാക്കും. ഏതുവരെ എന്നാൽ അവരുടെ സത്യതയും വിശ്വാസവും സഹാബാക്കളുടെതിനു സമാനമായി ഭവിക്കുന്നതാണ്.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദിൽ ബയ്അത്ത് ചെയ്തതിനാൽ നമുക്കും അല്ലാഹുവിലും അവന്റെ പ്രവാചകനിലും ഇസ്‌ലാമിലും മസീഹ് മൗഊദിന്റെ സത്യതയിലും സഹാബാക്കളെ പോലുള്ള വിശ്വാസത്തിന്റെ നിലവാരം ഉണ്ടായിരിക്കണം. സഹാബാക്കളുടെ അവസ്ഥകളെക്കുറിച്ച് ഞാൻ ഖുതുബകളിൽ വിവരിക്കുന്നുണ്ട്. അവരുടെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, സ്വഹീഹായ ഹദീസുകളിൽ ഇപ്രകാരം നിവേദനമുണ്ട്. ഈ ആയത്ത് അവതരി

ച്ചപ്പോൾ പ്രവാചകൻ സൽമാൻ ഫാരിസിയുടെ ചുമലിൽ കൈവച്ചുകൊണ്ട് പറഞ്ഞു. ഈമാൻ കാർത്തിക നക്ഷത്രത്തോളം വാനലോകത്തേക്ക് ഉയർത്തപ്പെട്ടാലും പേർഷ്യൻ വംശജനായ ഒരു വ്യക്തി അതിനെ വീണ്ടെടുക്കുന്നതാണ്. അവസാന കാലത്തെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നത്, അപ്പോൾ ഖുർആൻ മാനത്തേക്ക് ഉയർത്തപ്പെടും എന്നാണ്. അത് കുരിശ് ആക്രമണം അഥവാ ദജ്ജാലിന്റെ ആക്രമണത്തെക്കുറിച്ച് അസറുകൾ അഥവാ സഹാബാക്കളുടെ വചന സമാഹാരങ്ങളിൽ ഇപ്രകാരം വന്നിട്ടുണ്ട്. ആ സമയത്ത് ഒരുപാട് അറിവില്ലാത്തവർ ഏകനും പങ്കുകാരനുമില്ലാത്ത ദൈവത്തെ ഉപേക്ഷിക്കുന്നതാണ്. അനേകം പേരുടെ വിശ്വാസത്തോടുള്ള പ്രതിപത്തി മരവിക്കുന്നതാണ്. തദവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ സുപ്രധാന കർമ്മം അപ്പോൾ വിശ്വാസത്തെ നവീകരിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ ജമാഅത്തിനെക്കുറിച്ച് തന്നെയാണ് **വആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം** എന്ന വചനം വന്നിട്ടുള്ളത്.

ഈ ആയത്തുകൊണ്ടുള്ള വിവക്ഷ, വഴികേട് പരമകോടിയിൽ എത്തിയ ശേഷം സന്മാർഗവും യുക്തിയും പ്രാപിക്കുന്നത് രണ്ട് വിഭാഗം ജനതകളായിരിക്കും. ആദ്യത്തേത് പ്രവാചകന്റെ തിരുസഹാബാക്കൾ. രണ്ടാമത്തേത് ഹദ്റത്ത് മസീഹ് മൗഊദിന്റെ ജമാഅത്ത്. എന്തെന്നാൽ ഇക്കൂട്ടരും സഹാബാക്കളെ പോലെ തിരുനബിയുടെ ദൃഷ്ടാന്തങ്ങൾ ദർശിച്ചവരാണ്. പറയുന്നു പതിമൂന്നു നൂറ്റാണ്ടുകൾക്കുശേഷം പ്രവാചകന്റെ ദൃഷ്ടാന്തങ്ങളുടെ കവാടം തുറക്കപ്പെട്ടു. ജനങ്ങൾ സ്വന്തം കണ്ണുകളാൽ റമദാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ നിരീക്ഷിച്ചു. ദുസിന്നൈൻ എന്ന് നക്ഷത്രത്തെയും ജനസഹസ്രങ്ങൾ ദർശിച്ചു. അതുപോലെ ജനങ്ങൾ ജാവയിലെ അഗ്നിയും കണ്ടു. പ്ലേഗ് പടർന്നതും ഹജ്ജ് തടയപ്പെട്ടതും രാജ്യത്ത് റെയിൽഗതാഗതം തുടങ്ങിയതും ഒട്ടകങ്ങൾ ഉപയോഗശൂന്യമായതും എല്ലാം പ്രവാചകന്റെ ദൃഷ്ടാന്തങ്ങളായിരുന്നു. ഈ ജമാഅത്തിന് അവയ്ക്ക് സാക്ഷ്യം വഹിക്കാനായി. നമ്മുടെ ജമാഅത്തിന് സഹാബാക്കളുമായി സാദൃശ്യമുണ്ട്. സഹാബാക്കളെ പോലെ ഇവരും ദൃഷ്ടാന്തങ്ങളും അടയാളങ്ങളും കാണുന്നു. അതുപോലെ അവർക്കും ദൈവമാർഗത്തിൽ ജനങ്ങളുടെ ആക്ഷേപങ്ങളും പരിഹാസങ്ങളും ശാപങ്ങളും വിവിധങ്ങളായ ഹൃദയഭേദകമായ കാര്യങ്ങളും അസഭ്യങ്ങളും സഹിക്കേണ്ടതായിവന്നു.

നമസ്കാരത്തിൽ വിലപിക്കുകയും സാഷ്ടാംഗം ചെയ്യുന്ന സ്ഥലത്തെ കണ്ണീരിനാൽ കുതിർക്കുകയും ചെയ്യുന്ന കാര്യത്തിൽ സഹാബാക്കൾക്ക് സമാനരായ ഒരുപാട് പേർ ഈ ജമാഅത്തിലുമുണ്ട്. സഹാബാക്കളെ പോലെ സത്യസ്വപ്നദർശനങ്ങൾ കാണുകയും ദൈവബോധനങ്ങളാൽ അനുഗൃഹീതരാകുകയും ചെയ്യുന്ന നിരവധി പേരുണ്ട്. തങ്ങൾ അധ്വാനിച്ച് നേടിയ സമ്പത്തുകൾ ദൈവപ്രീതി മാത്രം ലക്ഷ്യം വച്ച് ചെലവഴിക്കുന്നവരുമുണ്ട്. ചുരുക്കത്തിൽ ഈ ജമാഅത്തിൽ **വആഖരീന മിൻഹും** എന്ന ആയത്തിനാൽ വിവക്ഷിതമായ എല്ലാ അടയാളങ്ങളും കാണാവുന്നതാണ്.

വ്യത്യസ്ത ജനവിഭാഗങ്ങളെ ഒരുമിച്ച് ഒരു സമുദായം ആക്കാനും മതപരമായ കലഹങ്ങൾക്ക് അറുതി വരുത്തി ഒരു മതത്തിൽ എല്ലാവരെയും ഒരുമിപ്പിക്കാനും ദൈവം നിശ്ചയിച്ച കാലഘട്ടമാണിത്. അന്ത്യയുഗത്തെ കുറിച്ച് പരിശുദ്ധ ഖുർആനിൽ അനേകം അടയാളങ്ങൾ രേഖപ്പെട്ടിട്ടുണ്ട്. അവയിൽ പെട്ടതാണ് സമുദ്രങ്ങളിൽ നിന്നും ഒരുപാട് നദികൾ പുറപ്പെടുന്നതും ഭൂമിയിൽ അന്തസ്ഥിതമായിരുന്ന ഒരുപാട് ഖനികൾ പുറത്തേക്കു വരുന്നതും ഭൗമികജ്ഞാനങ്ങൾ വലിയ തോതിൽ വെളിപ്പെടുന്നതും പുസ്തകങ്ങളുടെ വ്യാപകമായ പ്രസിദ്ധീകരണവും ഒട്ടകങ്ങൾ ഉപയോഗശൂന്യമാകുന്നതും പരസ്പരം കാണാനുള്ള മാർഗങ്ങൾ അനായാസമാകുന്നതും സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഉണ്ടാകുന്നതും പ്ലേഗ് പടർന്നു പിടിക്കുന്നതുമെല്ലാം. ഇത്തരമൊരു സമയത്ത് എന്നെ അല്ലാഹു നിയോഗിച്ചയച്ചത് ബുദ്ധിമാന്മാർക്ക് സ്പഷ്ടമായ മാർഗദർശനം പ്രദാനം ചെയ്യുന്നതാണ്. പരിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ അടയാളങ്ങളും എന്റെ വരവിലൂടെ പൂർത്തിയായിരിക്കുന്നു.

അദ്ദേഹം തന്റെ വാദത്തെ കുറിച്ചു പറയുന്നു, കൃത്യസമയത്ത് വെളിപെട്ട വ്യക്തിയാണ് ഞാൻ. എന്നെ ദൃഷ്ടാന്തപ്രദർശനത്തിൽ മത്സരിച്ചു തോല്പിക്കാൻ ഈ ഭൂമുഖത്ത് ആരെങ്കിലുമുണ്ടോ? ആരുടെ കൈകളിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ ദൈവത്തെ തൊട്ട് സത്യം, ഇതുവരെ രണ്ടുലക്ഷത്തിലധികം ദൃഷ്ടാന്തങ്ങൾ എന്റെ കൈകളാൽ വെളിപ്പെട്ടിരിക്കുന്നു. ഏതാണ്ട് പതിനായിരം പേർ സ്വപ്നത്തിൽ തിരുനബിയെ ദർശിച്ചിരുന്നു. എന്നെ പ്രവാചകൻ(സ) സാക്ഷ്യപ്പെടുത്തി.

സത്യത്തിൽ വാഗ്ദത്ത മസീഹിന്റെ ദൗത്യം യുദ്ധ പരമ്പര അവസാനിപ്പിക്കുകയാണ്. തൂലിക, പ്രാർഥനാ, ശ്രദ്ധ എന്നിവയിലൂടെ ഇസ്‌ലാമിന് മേൽക്കോയ്മ നല്കുകയാണ്. കഷ്ടം, ജനങ്ങൾക്ക് ഇക്കാര്യം മനസ്സിലാകുന്നില്ല. എന്തെന്നു വച്ചാൽ അവർക്ക് ലോകത്തിലേക്കുള്ള അത്രശ്രദ്ധ മതത്തിലേക്കില്ല. ലോകത്തിന്റെ മാലിന്യങ്ങളിലും അശുദ്ധികളിലും അകപ്പെട്ടിരിക്കെ പരിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ സിദ്ധിക്കുമെന്ന് അവർ എന്ത് അടിസ്ഥാനത്തിലാണ് പ്രതീക്ഷിക്കുന്നത്. ഇസ്‌ലാമിനെ പരിഷ്കരിക്കുകയും പരിപോഷിപ്പിക്കുകയും മാത്രമാണ് എന്റെ വരവ് കൊണ്ടുള്ള ഉദ്ദേശം. പ്രവാചകനിൽ ശരീഅത്തിനും നുബുവ്വത്തിനും പരിസമാപ്തി കുറിച്ചിരിക്കുന്നു. എന്നാൽ പ്രവാചകൻ(സ)ന്റെ ഐശ്വര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും അതുപോലെ വിശുദ്ധഖുർആനിലെ അധ്യാപനങ്ങളുടെയും സന്മാർഗത്തിന്റെയും ഫലദായകത്വം ഇതുവരെ അവസാനിച്ചിട്ടില്ല എന്നതും സത്യമാണ്. ഇസ്‌ലാമിന് ദൗർബല്യവും അധപതനം സംഭവിച്ച കാലത്താണ് അതിനെ പിന്തുണയ്ക്കാനും അതിന്റെ രക്ഷാധികാരി ആകാനും വേണ്ടി അല്ലാഹു എന്നെ അയച്ചിട്ടുള്ളത്. തനിക്കെതിരെ എതിരാളികൾ നടത്തുന്ന ഭർത്സനങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു, എന്നെ ദജ്ജാല് കദ്ദാബ് എന്ന് വിളിക്കുന്നതിലും എനിക്കു മേൽ വ്യാജാരോപണങ്ങൾ നടത്തുന്നതിലും എനിക്ക് ദുഃഖമില്ല. കാരണം എനിക്ക് മുമ്പുണ്ടായ ദൈവദൂതന്മാരോടുണ്ടായ അതേ പെരുമാറ്റം എന്നോടും ഉണ്ടാവുക അനിവാര്യമായിരുന്നു

എന്നാൽ പ്രവാചകന്റെ മാർഗത്തിൽ ഉണ്ടായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും എനിക്കുണ്ടായിട്ടില്ല തന്നെ. ഇസ്‌ലാമിനെ വിജയിപ്പിക്കുകയും അന്യമതങ്ങൾക്കു മേൽ അതിന് മേൽകോയ്മ നല്കുകയും ചെയ്യുന്ന മാർഗമാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ദൈവനാമത്തിൽ

സത്യമിട്ടതിനു ശേഷവും അതുപോലെ എന്നെ പിന്തുണയ്ക്കാനായി ദൈവം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തിയ ശേഷവും എന്നെ കറ്റുകെട്ടുകാരൻ എന്നും പെരുംനുണയനെന്നും പറയുകയാണെങ്കിൽ ഞാൻ നിങ്ങളോട് ദൈവനാമത്തിൽ ആവശ്യപ്പെടുന്നു, കറ്റുകെട്ടുകയും കള്ളം പറയുകയും ചെയ്തിട്ടും അല്ലാഹു നിരന്തരം സഹായിക്കുന്ന ഏതെങ്കിലും ഒരാളെ നിങ്ങൾക്ക് കാണിച്ചു തരാനാകുമോ? ഞാൻ ദൈവത്തിൽ ആണയിട്ടു പറയുന്നു ഞാൻ സത്യവാനാണ്. അവൻ എന്നെ എല്ലാ കേസുകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്നു. മാത്രവുമല്ല ലക്ഷക്കണക്കിന് പേരുടെ ഹൃദയങ്ങളിൽ എന്റെ സ്നേഹം ഇട്ടുകൊടുക്കുകയും ചെയ്യുന്നു.

മുസ്‌ലീങ്ങൾ വാനലോകത്ത് നിന്നും ഇപ്പോഴിറങ്ങുന്ന അനുഗ്രഹവർഷങ്ങൾ വിലമതിക്കേണ്ടതുണ്ട്. അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കേണ്ടതുണ്ട് അവരെ അവൻ തക്കസമയത്ത് സഹായിച്ചു. ഞാൻ ശക്തമായും പൂർണവിശ്വാസത്തോടെയും ഗ്രാഹ്യത്തോടെ പറയുന്നു, അല്ലാഹു മറ്റു മതങ്ങളെ ഇല്ലായ്മ ചെയ്യാനും ഇസ്‌ലാമിന് വിജയവും ശക്തിയും പ്രദാനം ചെയ്യാനും ഉദ്ദേശിച്ചിരുന്നു.

ഞാൻ പ്രവാചകന്റെ സമുദായക്കാരൻ ആയിരുന്നില്ലെങ്കിൽ പ്രവാചകനെ പിൻപറ്റിഇരുന്നില്ലെങ്കിൽ ഇനി എനിക്ക് ലോകത്തുള്ള എല്ലാ പർവ്വതങ്ങൾക്കു സമാനമായി കർമ്മങ്ങൾ ഉണ്ടായിരുന്നാൽ പോലും ഒരിക്കലുംതന്നെ എനിക്ക് ദൈവത്തിന്റെ സംഭാഷണവും സംബോധനയും ലഭിക്കുമായിരുന്നില്ല. എന്നാലിപ്പോൾ മുഹമ്മദിയ്യാ പ്രവാചകത്വം അല്ലാത്ത മറ്റെല്ലാ പ്രവാചകത്വവും അടഞ്ഞിരിക്കും. എന്നെ ദൈവം നിയുക്തനാക്കിയത് സ്രഷ്ടാവും സൃഷ്ടികളും തമ്മിൽ ബന്ധത്തിൽ വന്നു കൂടിയിട്ടുള്ള അശുദ്ധി ദൂരീകരിക്കുകയും സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ്.

ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി, ലോകത്ത് വസിക്കുന്ന ജനങ്ങൾ പ്രത്യേകിച്ച് മുസ്‌ലീങ്ങൾ യാഥാർഥ്യം ഗ്രഹിക്കാനും അദ്ദേഹത്തിന്റെ വാദത്തെ മനസ്സിലാക്കാനും പെട്ടെന്നു തന്നെ ബയ്അത്തിൽ വരാനും അല്ലാഹു സഹായിക്കുമാറാകട്ടെ.

ഖുതുബയുടെ അന്ത്യത്തിൽ ഹുസൂർ തിരുമനസ്സ് പാകിസ്ഥാനിലെ അഹ്മദികൾക്കും അൽജീരിയയിലെ അഹ്മദികൾക്കും വേണ്ടി പ്രാർഥിക്കാനായി ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു, പാകിസ്ഥാനിൽ ദിവസവും എന്തെങ്കിലും സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുപോലെ അൽജീരിയയിലെ ചില ഭരണാധികാരികളുടെ ഉദ്ദേശവും നല്ലതായി തോന്നുന്നില്ല. എല്ലാ രാജ്യങ്ങളിലുമുള്ള അഹ്മദികളെയും അല്ലാഹു രക്ഷിക്കുമാറാകട്ടെ. അഹ്മദികളും മുമ്പത്തെക്കാൾ ഉപരി ദൈവത്തിലേക്ക് കുനിയാൻ ശ്രദ്ധിക്കേണ്ടതാണ്. സൃഷ്ടികളോടുള്ള കടമകളും നിർവഹിക്കണം. അല്ലാഹു നമുക്ക് എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرْ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 26.03.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516